ഇടമൺ—അയിരനെല്ലൂർ പാലം.

209. (38) ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പത്തനാപുരം താലൂക്കിൽപ്പെട്ട ഇടമൺ—അയിരനല്ലൂർ പാലത്തിന്റെ പണി ഉടനെ ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

ഈ പാലത്തിന്റെ പണി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുനലൂർ—പത്തനംതിട്ട റെയിൽവേ ലൈൻ.

210. (39) ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ—പത്തനംതിട്ട റയിൽവേ ലൈൻ സ്ഥാപിക്കുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

പുനലൂർ നിന്നും കൊല്ലം—കോട്ടയം റയിൽവേയുമായി മാവേലിക്കരയോ, ചെങ്ങന്നൂരോ, തിരുവല്ലായോ വച്ചു ബന്ധിക്കുന്ന ഒരു കോർഡ് ലൈൻ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ഈ ഗവണ്മെന്റ് കേന്ദ്രത്തോട് ശുപാർശ ചെയ്തിട്ടുണ്ട്.

കഥകളി പരിശീലനവും കഥാപ്രസംഗ കാളേജും.

211. [40] ശ്രീ. എൻ ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1953 സെപ്റ്റംബർ 26—ാംതീയതി ശ്രീ. ജോസഫ് കൈമാപ്പറമ്പൻ കുന്നത്തുനാട്—ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിലേക്ക് അയച്ച കഥാപ്രസംഗ കാളേജ് പദ്ധതിയിന്മേൽ എന്തു നടപടി നടത്തി;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും മറുപടി പദ്ധതി സമർപ്പിച്ച ആളെ അറിയിച്ചിട്ടുണ്ടോ;

(സി) കഥകളിക്കുവേണ്ടി കലാമണ്ഡലം കൃഷ്ണൻനായർക്ക് പണ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കഥകളിക്ക് പ്രോത്സാഹനം നൽകുവാൻ നിശ്ചയിച്ച സ്ഥിതിക്ക് കഥാപ്രസംഗപ്രസ്ഥാനത്തിന് പ്രോത്സാഹനം നൽകുവാൻ തീരുമാനിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം.

(എ) പദ്ധതി സ്വീകരിക്കുകയുണ്ടായില്ല.

(ബി) പ്രോജക്റ്റ് ആഫീസറാണ് ഗവണ്മെന്റുമായി എഴുത്തുകുത്തു നടത്തിയത്. പ്രോജക്റ്റ് ആഫീസർക്ക് മറുപടി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly